**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5739 28/03/2018-ൽ

മറുപടിയ്ക്ക്

## നോക്കുകൂലി ജാമ്യമില്ലാക്കുറ്റമാക്കുവാൻ നടപടി

**ചോദ്യം**

ശ്രീ. അൻവർ സാദത്ത്

**മറുപടി**

പിണറായി വിജയൻ

(മുഖ്യമന്ത്രി)

**(എ)** നോക്കുകൂലി ജാമ്യമില്ലാക്കുറ്റമാക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ;

**(ബി)** എങ്കിൽ ഇത്തരമൊരു തീരുമാനം കൈക്കൊള്ളുവാനുണ്ടായ സാഹചര്യമെന്താണ്; വ്യക്തമാക്കുമോ;

**(സി)** നോക്കുകൂലി സംസ്ഥാനത്ത് വ്യാപകമാണെന്നും പലപ്പോഴും പോലീസിന് ക്രിയാത്മകമായി ഇക്കാര്യത്തിൽ ഇടപെടാൻ സാധിക്കാത്ത സാഹചര്യവും പരിഗണിച്ചാണോ ഇത് ജാമ്യമില്ലാക്കുറ്റമാക്കുവാൻ തീരുമാനിച്ചത് എന്ന് അറിയിക്കുമോ;

**(എ), (ബി) & (സി)** നോക്കുകൂലി എന്ന സമ്പ്രദായം അവസാനിപ്പിക്കുക എന്നതാണ് സർക്കാർ നയം. ഈ വിഷയത്തിൽ സർക്കാർ ബഹുദൂരം മുന്നോട്ട് പോയിട്ടുണ്ട്. 26/03/2012 ൽ സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ചിട്ടുള്ള 7/2012 നമ്പർ സർക്കുലർ പ്രകാരം നോക്കുകൂലി വാങ്ങുന്നത് ഇന്ത്യൻ പീനൽ കോഡിലെ വിവിധ സെക്ഷനുകളുടെ ലംഘനമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നോക്കു കൂലി വാങ്ങുന്നതായുള്ള പരാതിയിൽ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്യാനും പ്രസ്തുത സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ 26/02/2018, 08/03/2018 എന്നീ തീയതികളിൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗങ്ങളിൽ 01/05/2018 മുതൽ നോക്കുകൂലി നിരോധിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. നോക്കുകൂലി സംബന്ധിച്ച കേസുകളിൽ അറസ്റ്റ് അടക്കമുള്ള കർശന നടപടികൾ പോലീസ് സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ